# ആയുർവ്വേദ മരുന്നുകളിൽ വിഷാംശം വ്യാപിക്കുന്നു

എം. എം.

'കുറുന്തോട്ടിക്കു വാതം പിടിക്കുക' എന്നൊരു ശൈലിയുണ്ട് മലയാളത്തിൽ. വാതത്തിനു മരുന്നായുപയോഗിക്കുന്ന കുറുന്തോട്ടിക്കു തന്നെ വാതം വന്നാലത്തെ അവസ്ഥയാണ് അതിലെ ചിന്താവിഷയം. പക്ഷേ, അതിലും ഭീകരമല്ലേ കുറുന്തോട്ടി കഴിച്ച് വാതം പിടിക്കുന്ന ഒരു അവസ്ഥ?

ഒരു രോഗത്തിനു കഴിക്കുന്ന മരുന്നു കാരണം മറ്റൊരു രോഗം വരുന്ന അവസ്ഥ അലോപ്പതിയിൽ സാധാരണമാണ്. 'ചികിത്സാജന്യരോഗങ്ങൾ' എന്നാണ് അവയെ പറയുക. ആയുർവ്വേദം പോലുള്ള പാരമ്പര്യ ഔഷധപ്രയോഗങ്ങളുടെ ഏറ്റവും വലിയ മെച്ചമായി പറയാറ് അവ പാർശ്വഫലങ്ങളും ചികിത്സാജന്യരോഗങ്ങളും ഉണ്ടാക്കുന്നില്ല എന്നാണ്.

ആയുർവ്വേദത്തിൻെറ ഈ 'പുണ്യം' നഷ്ടപ്പെടുകയാണെന്നാണ് ഇപ്പോൾ നമ്മൾ മനസ്സിലാക്കേണ്ടത്. നെല്ലിക്ക ഇല്ലാതെ ച്യവനപ്രാശവും തെങ്ങിൻപൂക്കുല ഇല്ലാതെ പൂക്കുലലേഹ്യവും അലോപ്പതിമരുന്നു പൊടിച്ചുചേർത്ത് ശ്വാസംമുട്ടിന് കസ്തൂരിലേഹ്യവും ഉണ്ടാക്കുന്നത് ജനവഞ്ചകരായ ചില ആയുർവ്വേദബിസിനസ്സുകാരാണെന്നു കരുതാം. ഇത് അവർ മനപ്പൂർവ്വം ചെയ്യുന്നതാണ്. എന്നാൽ മരുന്നുകളുടേയും കൂട്ടുകളുടേയും തയ്യാറിപ്പിൻെറയും കാര്യത്തിൽ പരമ്പരാഗത ആചാര്യഗ്രന്ഥങ്ങൾ തന്നെ അവലംബിച്ച് ആയുർവ്വേദമരുന്നുകൾ നിർമ്മിക്കുന്ന, പ്രശസ്തരും പ്രഗത്ഭരുമായ ആയുർവ്വേദ മരുന്നുനിർമ്മാതാക്കളെപ്പോലും ഇപ്പോൾ കുഴക്കുന്നത് അവർ തയ്യാറാക്കുന്ന മരുന്നുകളിൽ അവരുദ്ദേശിക്കാതെ വന്നുപെട്ട വിഷങ്ങളുടെ സാന്നിദ്ധ്യമാണ്. അതെ, അരിഷ്ടങ്ങളിലും ആസവങ്ങളിലും ശരീരത്തിന് ദോഷകരമായിത്തീരുന്ന അളവിൽ കീടനാശിനികളുടെ അംശങ്ങൾ കാണപ്പെട്ടുതുടങ്ങിയിരിക്കുന്നു.

വൈദ്യർ കഷായത്തിന് കുറിപ്പെഴുതിക്കൊടുക്കുകയും രോഗിയുടെ വീട്ടുകാർ സ്വന്തം പറമ്പിൽ നിന്നും അയൽപറമ്പുകളിൽ നിന്നും കുറിപ്പടിയിലെഴുതിയ മരുന്നുകൾ പറിച്ചും വെട്ടിയും എടുത്ത് സ്വന്തം വീട്ടിൽ കഷായമൊരുക്കി കുടിക്കുകയും ചെയ്തിരുന്ന കഴിഞ്ഞ തലമുറകളുടെ രീതിയല്ല ഇന്ന് ആയുർവ്വേദത്തിന്. അലോപ്പതി ചികിത്സാരംഗം കീഴടക്കുന്നത് കണ്ട് ഒട്ടൊന്ന് തരിച്ചിരുന്ന




ആയുർവ്വേദം ഇപ്പോൾ ഇംഗ്ലീഷ് രീതികളും സമ്പ്രദായങ്ങളും അനുകരിച്ച് അതിനൊത്ത മാർക്കറ്റിംഗ് തന്ത്രങ്ങളുമായി ജനസമ്മിതി നേടിയെടുത്തുകഴിഞ്ഞു. പുതിയ സമ്പ്രദായത്തിൻെറ ഏറ്റവും ഗുരുതരമായ ദൂഷ്യം ഔഷധങ്ങളുടെ നിർമ്മാണം കേന്ദ്രീകൃതമായി എന്നതാണ്.

മരുന്നു തേടിപ്പോയിട്ടല്ല, മരുന്നുകടയിൽ നിന്നു മരുന്നുവാങ്ങിയിട്ടാണെങ്കിൽ പോലും, സ്വയം കഷായം വയ്ക്കാൻ ജനം വിമുഖരാണെന്ന തിരിച്ചറിവ് ആയുർവ്വേദത്തെ റെഡിമെയ്ഡ് മരുന്നുകളുടെ ചികിത്സാശാസ്ത്രമാക്കി മാറ്റിക്കഴിഞ്ഞു. കഷായങ്ങൾക്കു നൽകിയിരുന്ന പ്രാധാന്യം കുറച്ച് അരിഷ്ടങ്ങൾക്കും ആസവങ്ങൾക്കും ലേഹ്യങ്ങൾക്കും പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഒരു സമ്പ്രദായമാണ് ഇപ്പോൾ സാധാരണ ആയുർവ്വേദ ഡോക്ടർമാർ അവലംബിക്കുന്നത്. പഴയ തലമുറയിലെ ചില വിദഗ്ധർ മാത്രമാണ് ഈ രീതിയിൽ നിന്നു വിട്ടുനിൽക്കുന്നത്.

അവനവനുള്ള മരുന്ന് അവനവൻെറ ചുറ്റുപാടുകളിൽ നിന്ന് അവനവൻ കണ്ടെത്തുന്ന അവസ്ഥ ഇല്ലാതായതോടെ രോഗികൾക്കുള്ള മരുന്നുകളെല്ലാം വിപുലമായ തോതിൽ നിർമ്മിച്ചു വിതരണം ചെയ്യുന്ന ചുമതല മരുന്നുനിർമ്മാണസ്ഥാപനങ്ങളേറ്റെടുത്തു. അതോടെ അരിഷ്ടാസവകഷായാദികളുണ്ടാക്കാനാവശ്യമായ പച്ചമരുന്നുകൾ കണ്ടെത്തുക എളുപ്പമല്ലാതായി. ആളുതോറും ടൺ കണക്കിന് കുറുന്തോട്ടിയും തുളസിയും ആടലോടകവും തുമ്പയും നന്നാറിയും വയൽച്ചുള്ളിയും കൂവളവും ബ്രഹ്മിയുമൊക്കെ എങ്ങനെ സംഘടിപ്പിക്കാനാണ്? അങ്ങിനെ പച്ചമരുന്നുകൾ കൃഷിചെയ്യുക എന്ന ആശയം പ്രയോഗത്തിൽ വന്നു. അങ്ങിനെ വ്യാവസായികാടിസ്ഥാനത്തിൽ രാസവളങ്ങളും കീടനാശിനികളും ഉപയോഗിച്ച് വളർത്തിയെടുക്കുന്ന പച്ചമരുന്നുകളാണ് ഇന്ന് മരുന്നുകമ്പനികൾ വാങ്ങി മരുന്നുകളുണ്ടാക്കുന്നത്. അങ്ങിനെ വിഷം മരുന്നിൻെറ ഭാഗമാവുന്നു.

കേരളത്തിലും ഇന്ത്യയ്ക്കകത്തും മാത്രം ആയുർവ്വേദമരുന്നുകളുടെ വില്പന ഒതുങ്ങിനിന്നിരുന്ന സമയത്ത് ഇക്കാര്യമൊന്നും ആരുടേയും ശ്രദ്ധയിൽ പെട്ടിരുന്നില്ല.

ഇപ്പോൾ, ആയുർവ്വേദമരുന്നുകൾക്ക് അന്യരാജ്യങ്ങളിലും മാർക്കറ്റുണ്ടാവുകയും ആയുർവ്വേദമരുന്നുൽപ്പാദനരംഗത്തും അന്താരാഷ്ട്രനിലവാരം ഉറപ്പുവരുത്താനുള്ള നിയമങ്ങൾ നടപ്പിലാവുകയും ചെയ്തതോടെയാണ് മരുന്നുകൾ ഗുണനിലവാരപരിശോധനയ്ക്കു വിധേയമാക്കപ്പെടുകയും ഞെട്ടിപ്പിക്കുന്ന ഈ സംഗതി പുറത്താവുകയും ചെയ്തത്.

ഈ പ്രതിസന്ധി എങ്ങനെ മറികടക്കാമെന്ന ധർമ്മസങ്കടത്തിലാണ് ഇപ്പോൾ മരുന്നുൽപ്പാദകർ.